**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3614 — 11.11.2019 ൽ മറുപടിയ്ക്ക്

**പത്ത് ശതമാനം സാമ്പത്തിക സംവരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്. ശിവകുമാർ | പിണറായി വിജയൻ (മുഖ്യമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം നൽകുന്നതിനായി ഭരണഘടന ഭേദഗതി വരുത്തിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രസ്തുത ആനുകൂല്യം എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (എ) (ബി) & (സി) | മുന്നാക്ക സമുദായത്തിലെ പിന്നാക്കക്കാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കക്കാർക്ക് സംവരണം നടപ്പിലാക്കുന്ന വിധം തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 12/03/2019 ലെ സ.ഉ.(കൈ)5/19/ ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ 10% സംവരണത്തിന്റെ ആനുകൂല്യം കേന്ദ്ര സർക്കാരിന്റെ വിവിധ ഉദ്യോഗങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും ലഭിക്കുന്നതിനായി ഇൻകം ആന്റ് അസ്സറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് 14.03.2019 ലെ സ.ഉ.(കൈ) 52/2019/പൊഭവ നമ്പർ ഉത്തരവ് പ്രകാരം തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിലുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ; സാമ്പത്തിക സംവരണം നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | | |
| (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലി ഉൾപ്പെടെയുള്ള കാര്യങ്ങളിലും പത്ത് ശതമാനം സാമ്പത്തിക സംവരണം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ